# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025–2026

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സി. എ. എച്ച്.എസ്.എസ്. കുഴൽമന്ദം

**ആമുഖം**

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നിലവിൽ വന്ന സ്ക്കൂൾ മാസ്റ്റർ പ്ലാൻ അവതരണത്തിൽ സി എ ഹയർസെക്ക റി സ്ക്കൂളിലെ സമഗ്രമായ വികസന പദ്ധതികൾക്ക് മുൻതൂക്കം നൽകാൻ ഉദ്ദേശിച്ചുകൊ ് തയ്യാറാക്കിയ ഈ സംരംഭത്തിൽ പഠനനിലവാരം മെച്ചപ്പെടുത്തലും വിദ്യാർത്ഥികളുടെ സമഗ്രമായ കഴിവുകൾ വികസിപ്പിച്ച് വ്യത്യസ്ത മേഖലകളിൽ കൊ ത്തിക്കാനും വേ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. വിദ്യാലയത്തിലെ ഓരോ കുട്ടികളുടെയും സമഗ്രമായ കഴിവുകളെ വികസിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുകയും അതുവഴി മികവിന്റെ കേന്ദ്രമായി പൊതു വിദ്യാലയങ്ങളെ മാറ്റുകയും ചെയ്യുക എന്നതാണ് ഇതുകൊ ് ഉദ്ദേശിക്കുന്നത്. പാഠപുസ്തകങ്ങൾപ്പുറത്തേക്ക് പഠനപ്രവർത്തനങ്ങളെ വികസിപ്പിക്കുക വിദ്യാർത്ഥികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം ക ത്തുക മുതലായവ ദേശീയ പാഠ്യപദ്ധതി (2005) വിദ്യാഭ്യാസ അവകാശ നിയമം എന്നിവയുടെ അടിസ്ഥാനത്തിൽ നിന്നുകൊ ാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള ളത്.



# വിദ്യാലയ ചരിത്രം

1953– ൽ മലബാർ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന പാലക്കാട് ജില്ലയിൽ കുഴൽമന്ദത്ത് യശ:ശരീരനായ ചാമി അയ്യരുടെ സ്മരണാർത്ഥം ശ്രീ.സി.പി ശർമ്മയുടെയും അദ്ദേഹത്തിന്റെ സഹോദരൻമാരുടെയും നേതൃത്വത്തിൽ 8 അധ്യാപകരും 230 വിദ്യാർത്ഥികളുമായി ഫസ്റ്റ്ഫോം മുതൽ ഫോർത്ത് ഫോം വരെ ക്ലാസുകളോടെ സി.എ സ്ക്കൂൾ ആരംഭിച്ചു.1956–ൽ കേരള സംസ്ഥാനം രൂപീകൃതമായതോടെ സി എ സ്ക്കൂൾ ഹൈസ്ക്കൂൾ ആയി ഉയർത്തപ്പെട്ടു. കേവലം 18 ദിവസങ്ങൾ കൊ ് കെട്ടിടം ഉ ാക്കി സ്കൂൾ ആരംഭിക്കാനുള്ള ശ്രമകരമായ ദൗത്യം ഗുരുകുലം കുടുംബത്തിലെ അംഗങ്ങളുടെ കഠിനാധ്വാനം കൊ ് പൂർത്തീകരിക്കാൻ കഴിഞ്ഞു. 1953 മുതൽ 1981 വരെയുള്ള കാലയളവിൽ ഈ വിദ്യാലയത്തിന്റെ പ്രധാനാധ്യാപകനായി ശ്രീ. രാമചന്ദ്രൻ മാസ്റ്റർ സേവനമനുഷ്ഠിച്ചു. 60 വയസ്സുവരെ അധ്യാപകനായി ഇരിക്കാമെന്നുള്ള ആ കാലഘട്ടത്തിലെ വ്യവസ്ഥകളെ അതിലംഘിച്ചുകൊ ് 50 വയസിൽ അദ്ദേഹം സർവ്വീസിൽ നിന്ന് വിരമിച്ചു. 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കിയ' അദ്ദേഹം സി.എ. ഹൈസ്ക്കൂളിന്റെ മാനേജർ പദവി ഏറ്റെടുത്തു. ഈ കാലയളവിൽ വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ ചിരപ്രതിഷ്ഠ നേടിയ സ്കൂൾ പല മഹാരഥൻമാരെയും നാടിനു സംഭാവന ചെയ്തു. കാലാന്തരത്തിൽ സ്കൂൾ മാനേജ്മെന്റ് മാറേ അവസ്ഥ സംജാതമാവുകയും തൽഫലമായി 2005–ൽ തൃശൂർ പെരിഞ്ഞനം നിവാസിയായ ശ്രീ.കെ.സി ബാലൻ സ്ക്കൂൾ മാനേജരായി അവരോധിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ മരണത്തോടെ തൃശൂർ ജില്ലയിലെ കല്ലറയ്ക്കൽ വീട്ടിൽ ശ്രീ. കെ.ഒ.റപ്പായി സ്ക്കൂളിന്റെ മാനേജരായി 2009–ൽ ചുമതലയേറ്റു.

2009–2010 അധ്യയന വർഷത്തിൽ 346 വിദ്യാർത്ഥികളെ എസ് എസ് എൽ സി പരീക്ഷയ്ക്കിരുത്തി. ഇംഗ്ലീഷ് മീഡിയം ക്ലാസുകളിൽ 100% വിജയത്തെടെ ആകെ 85% വിജയം നേടിയ നമ്മുടെ സ്കൂൾ കുഴൽമന്ദം ഉപജില്ലയിലെ മറ്റ് സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളെ ബഹുദൂരം പിന്നിലാക്കി ഒന്നാം സ്ഥാനത്തിന് അർഹമായി. 2005 മുതൽ തുടർച്ചയായ വർഷങ്ങളിൽ 10% റിസൽട്ട് വർദ്ധിച്ചുവരുന്ന സ്ഥാപനം പാലക്കാട് ഡയറ്റിന്റെ പ്രത്യേക പരാമർശത്തിന് അർഹമായി.

2010–ൽ ഹയർസെക്ക റിയിൽ കൊമേഴ്സ്, സയൻസ് ബാച്ചുകൾ അനുവദിക്കുകയും നിലവിൽ ഹ്യുമാനിറ്റീസ് കമ്പ്യൂട്ടർ സയൻസ് ഉൾപ്പടെ 4 ബാച്ചുകളിലായി 460 ഓളം വിദ്യാർത്ഥികൾ പഠനം തുടരുന്നു. ഹയർ സെക്ക റി മേഖലയുടെ ശൈശവദശയായതിനാൽ കൂടുതൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിലേക്കുള്ള പ്രവർത്തനങ്ങൾ സ്കൂൾ മാനേജ്മെന്റ്, പി.ടി എ സ്ക്കൂൾ ജീവനക്കാർ എന്നിവരുടെ സഹായത്തോടെ നടന്നുവരുന്നു. സ്കൂൾ ഓരോ വർഷവും അക്കാദമി പുരോഗതി നേടുകയും സ്കൂൾ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള NSS, സ്കൗട്ട് & ഗൈഡ്സ് , AASAP, വിവിധ ക്ലബുകൾ എന്നിവ നിരന്തരമായി വിദ്യാർത്ഥികളെ വിലയിരുത്തുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുന്നു ് .

നമ്മുടെ സ്കൂളിൽ ശാസ്ത്ര സാമൂഹ്യ ഗണിത ശാസ്ത്ര ഭാഷാ ക്ലബുകളും SPC.JRC, സ്കൗട്ട് & ഗൈഡ്സ്. ബാന്റ് ഗ്രൂപ്പ്, ആർട്ട്സ് & സ്പോർട്ടസ് ക്ലബ് എന്നിവ സ്തുത്യർഹമായ സേവനം കാഴ്ചവെക്കുന്നു.

2019-20, 2020-21-22, 2022-23,2023-24, വർഷങ്ങളിൽ തുടർച്ചയായി SSLC വിജയശതമാനം 100% കരസ്ഥമാക്കുകയും FULL A+ വിജയികളുടെ എണ്ണം വർഷം തോറും ഉയർത്തുകയും ചെയ്ത് സബ് ജില്ല, ജില്ലാതലത്തിൽ  അംഗീകാരങ്ങൾ നേടി. HSS വിഭാഗത്തിലും ഓരോ വർഷവും വിജയശതമാനം ഉയർത്തുകയും സബ് ജില്ലയിലെ ഏറ്റവും മികച്ച ഹയർ സെക്ക   റി സ്കൂൾ എന്ന നിലയിൽ ശോഭിക്കുകയും ചെയ്യുന്നു.

# Present School Status

| | H.S/UP | HSS |
|---|---|---|
| കുട്ടികൾ | | |
| അധ്യാപകർ | | |
| അനധ്യാപകർ | | |
| ക്ലാസ് മുറികൾ | | |
| ടോയ്‌ലെറ്റുകൾ | | |
| യൂറിനൽസ് | | |
| വാട്ടർ ടാങ്ക് | | |
| IT ലാബ് | | |
| സയൻസ് ലാബ് | | |
| ലൈബ്രറി | | |
| ഡിജിറ്റൽ ക്ലാസ് റൂം | | |
| Text book സ്റ്റോർ | | |

# <u>School Result H.S</u>

| Years | Class | Percentage |
|---|---|---|
| 2019 – 20 | X | 100% |
| 2020 – 21 | X | 100% |
| 2021 – 22 | X | 100% |
| 2022 – 23 | X | 100% |
| 2023 – 24 | X | 100% |
| 2024 – 25 | X | |

# <u>School Result H.S.S</u>

| Years | Class | Percentage |
|---|---|---|
| 2019 – 20 | XII | 77% |
| 2020 – 21 | XII | 95% |
| 2021 – 22 | XII | 84% |
| 2022 – 23 | XII | 92% |
| 2023 – 24 | XII | |
| 2024 – 25 | XII | |

# കലോത്സവം

സ്കൂൾ കലോത്സവം വളരെ മികച്ച രീതിയിൽ നടത്തുകയും ഉപജില്ലാകലോത്സവത്തിൽ കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയും പരിശീലനം നൽകുകയും കുഴൽമന്ദം സബ്ജില്ലയിൽ UP, HS, HSS വിഭാഗങ്ങളിൽ ഓവറോൾ കരസ്ഥമാക്കുകയും ചെയ്യുന്നു ്. ജില്ലാ കലോത്സവത്തിലും മിടുക്കരായ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാനും കഴിഞ്ഞിട്ടു ്. 2023 ൽ social fair- –ൽ സംസ്ഥാന തലത്തിൽ പ്രസംഗ മത്സരത്തൽ A grade കരസ്ഥമാക്കിയ Niswa Ferin സി. എ. ഹൈസ്ക്കൂളിന്റെ അഭിമാനമാണ്. സംസ്ഥാനതലത്തിൽ കേരള നടനത്തിലും സബ് ജില്ലാതലത്തിൽ മോഹിനിയാട്ടത്തിനും മികച്ച പ്രകടനം കാഴ്ചവെച്ച കുട്ടിയാണ് അർച്ചിത. 2024–ലെ മലയാള ഭാഷാ പ്രതിഭാ പുരസ്കാരം കരസ്ഥമാക്കിയ Abisha K ഉം വിദ്യാരംഗം കലാ സാഹിത്യവേദി മത്സരത്തിൽ സംസ്ഥാന തലം വരെ എത്തിയ സി. എ.യുടെ കഥാകാരി Harshitha S ന്റെ നേട്ടങ്ങളും എടുത്തു പറയേ താണ്.



# കായികമേള

കായിക പരിശീലനം കാര്യക്ഷമമാക്കാൻ രാവിലേയും വൈകുന്നേരവും കായിക പരിശീലനം നൽകുന്നു. സ്കൂൾതലം , ഉപജില്ലാതലം, ജില്ലാതലം, സംസ്ഥാനതലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകുന്നു. കബഡി, ഫുട്ബോൾ ബാസ്കറ്റ് ബോൾ, ക്രക്കറ്റ് ഇനങ്ങളിൽ പ്രത്യേക പരിശീലനം നൽകിവരുന്നു. 2023-ൽ വുഷു ചാമ്പ്യൻഷിപ്പിൽ നാഷണൽ ലവൽ കളിക്കാരിയായ അനുജ ഈ സ്കൂളിന്റ സ്വന്തം പുത്രിയാണ്. സബ് ജൂനിയർ കബഡിയിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയവരാണ് അജന്യ എസും, അതിശയ എസും 2024-ലെ Base Ball State Winner ഉം നാഷണൽ ലെവലിൽ soft ball Player ഉം ആണ് Jyothika K.G Boller Skating State Player ആയ Udith Krishnna സി എ സ്കൂളിന്റെ അഭിമാനമാണ് Basket Ball State Players ആയ സൂര്യ Deepa Krishna, Akshaya ഇവരുടെ നേട്ടങ്ങൾ എടുത്തു പറയേ ഒന്നാണ് Abhinav R, Vignesh R, Harithya K, Athisaya S തുടങ്ങിയവർ 2024-ൽ kabaddi യിൽ Gold Medal കരസ്ഥമാക്കിയവരാണ്.



## നേട്ടങ്ങൾ

- SSLC റിസൽട്ടിന്റെ ഉയർച്ച
- മൃദംഗകലയിൽ ലോകപ്രശസ്തി നേടിയ കുഴൽമന്ദം രാമകൃഷ്ണൻ ഈ സ്കൂളിന്റെ സംഭാവനയാണ്.
- ചെന്നൈയിൽ ശാസ്ത്രജ്ഞയായി ജോലി ചെയ്യുന്ന ശ്രീകല. പാലക്കാട്ടെ അതിപ്രശ്സതനായ Dr. രാമസ്വാമി, പ്രശ്സത അനസ്തേഷ്യതലവനായ Dr. ഗോവിന്ദൻ തുടങ്ങിയവർ ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളാണ്.
- പൂർവ്വവിദ്യാർത്ഥികളിൽ പലരും അധ്യാപകരും സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ ഉന്നതസ്ഥാനം അലങ്കരിക്കുന്നവനുമാണ്.
- കഥാകാരിയും അഭിനേത്രിയുമായ സ്വപ്ന സത്യൻ ഈ സ്കൂളിന്റെ സംഭാവനയാണ്.
- ഈ സ്കൂളിന്റെ സാരഥിയായിരുന്ന എസ്. രാജിയും  അധ്യാപകരും അനധ്യാപകരും ആയി പ്രവർത്തിക്കുന്നവരിൽ പലരും ഈ സ്കൂളിന്റെ സംഭാവനയാണ്.



# പൊതുലക്ഷ്യങ്ങൾ

- 1 മുതൽ 12 വരെ ഓരോ ക്ലാസിലും കുട്ടി ആർജിക്കേ ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടു ന്ന് ഉറപ്പുവരുത്തുക.
- ഐ സി ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
- കലാകായിക പ്രവൃത്തി പരിചയ പഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കണം
- വിദ്യാർത്ഥികൾ മൂന്ന് ഭാഷയിലെങ്കിലും ആശയവിനിമയശേഷി കഴിവ് നേടണം.
- വിദ്യാർത്ഥികളുടെ സർഗ്ഗപരമായ കഴിവുകൾ വികസിപ്പിക്കാനും പ്രകടിപ്പിക്കാനും അവസരം ഉറപ്പാക്കണം.
- അന്താരാഷ്ട്ര നിലവാരത്തിൽ പഠനം ഉറപ്പാക്കാൻ വേ ഭൗതിക സാഹചര്യങ്ങൾ ഉ ാക്കണം.
- ഉന്നതനിലവാരത്തിലുള്ള അധ്യാപകശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുക.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ തുടക്കത്തിലേ ക ത്തി ആവശ്യമായ പഠനാന്തരീക്ഷം നൽകാനുള്ള സഹായം ലഭ്യമാക്കുക.
- സ്കൂൾ ലൈബ്രറി ലബോറട്ടറികൾ എന്നിവ ആധുനികവത്കരണം നടത്തി പഠനപ്രക്രിയയുടെ ഭാഗമാക്കുക.
- പഠനം ആനന്ദകരമായ ഒരു അനുഭവമാക്കാൻ വേ വിദ്യാലയ അന്തരീക്ഷം സംജാതമാക്കുക.
- കാർഷികം മാലിന്യ നിർമ്മാർജനം എന്നിവ വിദ്യാർഥികളിൽ ഒരു സംസ്കാരമായി രൂപപ്പെടുത്തുക.
- വിദ്യാർത്ഥികളുടെ ലഹരിയോടുള്ള അമിതമായ താല്പര്യം ഒഴിവാക്കുന്നതിനുവേ ഇടപെടലുകൾ നടത്തുക.
- ‘‘പ്ലാസ്റ്റിക്ക് വിമുക്ത വിദ്യാലയം’’ സൃഷ്ടിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, കുട്ടികൾക്കായി ഗൈഡൻസ്, കൗൺസലിംഗ് എന്നീ സൗകര്യങ്ങൾ ഉറപ്പാക്കുക.
- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടലുകൾ ഉറപ്പാക്കുകയും പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

## ഭാഷാവികാസം

- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കുക.
- മലയാളം പോലെതന്നെ മറ്റ് ഭാഷകളിൽ ആശയവിനിമയശേഷി ആധുനിക സാങ്കേതിക വിദ്യയിലൂടെ കൈവരിക്കൽ.
- ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതശാസ്ത്രം ഇവ മൂന്നും ഉൾക്കൊള്ളിച്ചുകൊ ുള്ള Talent Lab രൂപകല്പന ചെയ്യൽ.

## ലൈബ്രറി

- കുട്ടികളുടെ പ്രായത്തിനനുസരിച്ച് ആഴ്ചയിലൊരിക്കൽ പുസ്തകം വായിക്കൽ, അനുബന്ധ പ്രവർത്തനങ്ങൾ, പുസ്തകക്കുറിപ്പ് തയ്യാറാക്കൽ, പുസ്തകങ്ങളുടെ ആശയങ്ങൾ ആധാരമാക്കി ആവിഷ്കാരങ്ങൾ.

- വായനാക്കൂട്ടം രൂപീകരിക്കൽ
- പബ്ലിക്ക് ലൈബ്രറി ഉപയോഗപ്പെടുത്തൽ
- പൂർവ്വ വിദ്യാർത്ഥികളുടെ പിന്തുണയോടുകൂടി സ്കൂൾ ലൈബ്രറി വിപുലപ്പെടുത്തൽ.

## സ്മാർട്ട് ക്ലാസ് റൂം എണ്ണം വർദ്ധിപ്പിക്കൽ

വിവരസാങ്കേതിക വിദ്യ വികസനത്തിനായി നിലവിൽ 11 സ്മാർട്ട് റൂം ഉ ്. ഇനിയും ഇവയുടെ എണ്ണം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ ക്ലാസ് റൂമുകളും സ്മാർട്ടാക്കാൻ ലക്ഷ്യമിടുന്നു.

## സർഗവാസന പ്രോത്സാഹിപ്പിക്കൽ

കലാകായിക ശാസ്ത്രപ്രവർത്തി പരിചയമേഖലകളിൽ സംസ്ഥാന തലത്തിൽ യോഗ്യത നേടുന്ന നിലവിലുള്ള പരിമിതമായ എണ്ണത്തെ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു.

## ജൈവവിഭവ വികസനം

ജൈവവൈവിധ്യപാർക്കും ഉച്ചഭക്ഷണപദ്ധതിക്ക് ഉതകുന്ന വിധത്തിലുള്ള ജൈവ പച്ചക്കറിതോട്ടവും നിർമ്മിക്കാൻ തീരുമാനിച്ചു.

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി കൊ ് വിദഗ്ദ്ധരുടെ സഹായത്തോടെ ക്ലാസുകൾ നൽകാനും കുട്ടികൾ തയ്യാറാക്കുന്ന ഉല്പന്ന ങ്ങൾ വിപണിയിലെത്തിക്കാനും തീരുമാനിച്ചു.

## U.P നൈപുണി വികസന ക്ലാസ്റൂമുകൾ

U.P വിദ്യാർത്ഥികളുടെ നിപുണത വർദ്ധിപ്പിക്കാൻ പോന്നതരത്തിലുള്ള ക്ലാസ്മുറികൾ സജ്ജമാക്കുക. BALA ( Bulding As A Learing Aid) വിദ്യാർത്ഥികളുടെ പഠന സാഹചര്യങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, ചിത്രീകരണങ്ങൾ എന്നിവ ക്ലാസ് ചുമരുകളിൽ ആലേഖനം ചെയ്യുക.

## ലഹരിവിരുദ്ധ വിദ്യാലയം

വിദ്യാർത്ഥികളുടെ ലഹരിയോടുള്ള ആസക്തി മനസ്സിലാക്കുകയും സ്ഥലം എക്സൈസ്, PTA എന്നിവയുടെ ആഭിമുഖ്യത്തിൽ തുടർച്ചയായ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാനും തീരുമാനിച്ചു.

## സജീവമായ ക്ലാസ് പി.ടി.എ

- നിലവിൽ രക്ഷാകർത്താക്കളുടെ പൂർണമായ പങ്കാളിത്തം ഉറപ്പാക്കാൻ പി.ടി. എയ്ക്ക് കഴിയാത്ത സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ കഴിവുകൾ അവതരിപ്പിക്കുന്ന ഒരു വേദി കൂടിയാക്കി ക്ലാസ് പി.ടി.എ യെ മാറ്റാൻ തീരുമാനിച്ചു.
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്താവുന്നതാണ്.

## പ്രധാന ദിനങ്ങൾ ആചരിക്കൽ

- പ്രധാനപ്പെട്ട ദിനങ്ങൾ ആചരിക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തുവരുന്നു ് ഇതൊരു തുടർപ്രവർത്തനമാണ്.
- ക്ലാസ് മുറികളിൽ ന്യൂസ്പേപ്പർ ലഭ്യത കൂടുതൽ കാര്യക്ഷമമാക്കുകയും പത്രപാരായണത്തിൽ നിരവധി പ്രതിഭകളെ കെ ത്താനും ശ്രമിക്കുന്നു.

## പ്രവർത്തി പരിചയ മേഖല

വിദഗ്ധരെകൊ ് പ്രത്യേക പരിശീലനം കൊടുക്കൽ

# ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

## Talent Lab[ഞാനും ഒരു ശാസ്ത്ര പ്രതിഭ)

**ലക്ഷ്യങ്ങൾ**

- ഗവേഷണത്വരതയുള്ള കുട്ടികളെ വാർത്തെടുക്കുക
- ശാസ്ത്രജ്ഞരെ രൂപപ്പെടുത്തുക
- ഗവേഷണപഠനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള പാടവം.
- നേതൃത്വ പാടവം, അവതരണശേഷി വർദ്ധിപ്പിക്കുക
- പഠനമികവ് സമൂഹവുമായി പങ്കുവെയ്ക്കുക
- പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്ന് പഠനോപകരണങ്ങൾ തയ്യാറാക്കൽ

## പ്രവർത്തനരീതി

- വാർഷിക കല ർ തയ്യാറാക്കൽ
- കുട്ടികളെ അഭിരുചിയനുസരിച്ച് ഗ്രൂപ്പ് തിരിക്കൽ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ വ്യത്യസ്ത പ്രവർത്തനങ്ങൾ നൽകി വിലയിരുത്തി.
- ഏറ്റെടുത്ത പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ വിദഗ്ധരുടെ ക്ലാസ്
- മാഗസീൻ (സയൻസ്, ഗണിതം, സോഷ്യൽ)
- മണ്ണ്, ജലം പരിശോധന
- രക്തഗ്രൂപ്പ് നിർണയം
- ശാസ്ത്രപ്രദർശനം (PTA, പൂർവ്വവിദ്യാർത്ഥികൾ, അടുത്തുള്ള വിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്തം.

## വായനാരത്നത്തെ ക ത്തൽ (മലയാളം)

**ലക്ഷ്യങ്ങൾ**

- സാഹിത്യകാരന്മാരുടെ പുസ്തകങ്ങൾ പ്രദർശനം
- വാർത്താവായന (School Assembly, Class Room)
- വായനാക്കൂട്ടം
- വായനാമൂല സജ്ജീകരിക്കൽ
- പുസ്തകപാരായണം (ആസ്വാദനക്കുറിപ്പ്, നാടകീയം ദൃശ്യാവിഷ്ക്കാരം.

- e – reading
- Digital Library
- ആമുഖപ്രസംഗം തയ്യാറാക്കൽ
- കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ
- മികച്ച പ്രതിഭകളെ കണ്ടെത്തി PTA യുടെ സാന്നിദ്ധ്യത്തിൽ സമ്മാനദാനം

## പ്രവർത്തനരീതി

- സാഹിത്യകാരന്മാരുടെ പേരിൽ ഗ്രൂപ്പ് തിരിക്കൽ
- സ്കൂൾ അസംബ്ലിയിൽ ഓരോ ഗ്രൂപ്പും മാറി മാറി വാർത്താ വായന
- ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ ശേഖരിച്ച് വിവിധ വ്യവഹാരരൂപങ്ങളിലുള്ള അവതരണം.
- പതിപ്പ് നിർമ്മാണം, പ്രകാശനം, സമ്മാനദാനം.

## വായനാരത്നത്തെ കണ്ടെത്തൽ (ഇംഗ്ലീഷ്)

**ലക്ഷ്യങ്ങൾ**

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.

- തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ.
- ഇംഗ്ലീഷ് ഭാഷയെ സർഗാത്മപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ
- അവതരണ മികവ് കൈവരിക്കൽ
- ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ
- വ്യാകരണശേഷി നേടിയെടുക്കൽ.
- തത്സമയ വിവർത്തനപാടവം നേടൽ.
- കളികളിലൂടെയുള്ള ഭാഷാപഠനം.
- വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ.
- ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ.

## പ്രവർത്തനരീതി

- മാസത്തിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക.
- ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക.
- Skit, Conversation, Drama
- ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൽ തയ്യാറാക്കൽ.
- റേഡിയോ പ്രക്ഷേപണം
- അവധിദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ.
- ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ.

## വായനാരത്നത്തെ കണ്ടെത്തൽ

**ലക്ഷ്യങ്ങൾ** **ഹിന്ദിഭാഷാപഠനം**

- ഹിന്ദി പഠനം കാര്യക്ഷമമാക്കാൻ
- Dictionary നിർമ്മാണം
- Library books
- അസംബ്ലി ഹിന്ദിയിൽ Conduct ചെയ്യൽ
- ദൃശ്യാവിഷ്ക്കാരം
- അക്ഷരങ്ങളിൽ നിന്ന് വാക്കുകളെ കണ്ടെത്തി എഴുതുക.
- Conversation, Dairy തയ്യാറാക്കൽ

## പ്രവർത്തനരീതി

- ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ നാടകീകരണം, ഹിന്ദി ബുള്ളറ്റിൽ പ്രസിദ്ധീകരിക്കൽ
- പാഠപുസ്തകത്തിലെ നാടകം വായിച്ച് ഭാവത്തോടെ വായിക്കുന്ന കുട്ടികളെ തെരഞ്ഞെടുക്കുന്നു.
- നന്നായി ഡയലോഗ് പറയുന്ന കുട്ടികളെ തെരഞ്ഞെടുത്ത് അടുത്ത അസംബ്ലിയിൽ പ്രസംഗത്തിന് തയ്യാറാക്കും.

# <u>ഉപസംഹാരം</u>

വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾതന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊ   ിരിക്കുകയാണ്. ഇതിനു പരിഹാരം ക   ത്താനുള്ള കർമ്മപദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഈ യജ്ഞത്തിന്റെ പങ്കാളികളാകുക എന്നത് ഓരോരുത്തരുടെയും കടമയാണ്. നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.



# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025–26



# ഒരു കൈത്താങ്ങ്